# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3517 14.03.2017 ൽ മറുപടിയ്ക്ക്

## <u>സദാചാര ഗുണ്ടകളുടെ ആക്രമണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

**ചോദ്യം (എ)** സംസ്ഥാനത്ത് സദാചാര ഗുണ്ടകളുടെ ആക്രമണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ഉത്തരം (എ)** സദാചാരം സംരക്ഷിക്കാൻ എന്ന പേരിൽ പൊതുസ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും വച്ച് ചില അക്രമപ്രവർത്തനങ്ങൾ ചെറുസംഘങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**ചോദ്യം (ബി)** അഴീക്കോട് മേനോൻ ബസ്സാറിൽ സദാചാര ഗുണ്ടകൾ 14.1.2017-ൽ യുവാവിനെ നഗ്നനാക്കി കെട്ടിയിട്ട് മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ചോദ്യം (സി)** ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും ഏതെല്ലാം വകുപ്പുകളുടെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കമോ;

**ഉത്തരം (ബി)യും (സി)യും** തൃശ്ശൂർ റൂറൽ ജില്ലയിൽ കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ അഴീക്കോട് മേനോൻ ബസ്സാറിൽ സലാം എന്നയാളിനെ 14/01/2017-ാം തീയതി കെട്ടിയിട്ട് മർദ്ദിച്ച് സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറയുന്ന സംഭവത്തിൽ കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 100/2017 u/s 143, 147, 148, 452, 427, 342, 323, 324, 326, 307, 395 r/w 149 IPC & Sec.67(A) of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 1 മുതൽ 6 വരെ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. 7-ാം പ്രതിക്ക് ബഹുമാനപ്പെട്ട കോടതിയിൽ നിന്നും മുൻകൂർ ജാമ്യം ലഭിച്ചിട്ടുള്ളതും 8-ാം പ്രതി ഇപ്പോഴും ഒളിവിലുമാണ്.

**ചോദ്യം (ഡി)** സദാചാര ഗുണ്ടകൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

**ഉത്തരം (ഡി)** സദാചാരം സംരക്ഷിക്കാൻ എന്ന പേരിൽ പൊതുസ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും വച്ച് ചില അക്രമപ്രവർത്തനങ്ങൾ ചെറുസംഘങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ഘട്ടങ്ങളിലെല്ലാം പോലീസ് നീതിപൂർവ്വമായ അന്വേഷണം നടത്തുകയും

പ്രതികൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ സാധാരണ നടക്കാൻ സാധ്യതയുള്ള പൊതു സ്ഥലങ്ങളിൽ ഇത് തടയുന്നതിന് ഫീൽഡ് ലെവൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. പരാതിക്കാർക്ക് ആവശ്യമായ പരിരക്ഷ നല്കുന്നതിനും നീതി ഉറപ്പാക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.